

# അഡോണിസ്:

## കവിതയെ ആയുധമാക്കിയ വിപ്ലവകാരി

ഡോ. എൻ. ഷംനാദ്



മലയാളത്തിലെ മഹാകവി കുമാരനാശാന്റെ പേരിലുള്ള ഈ വർഷത്തെ ആശാൻ വിശ്വകവിതാ പുരസ്കാരം ലഭിച്ചത് സമകാലിക ലോകകവിതയിലെ ഇതിഹാസം എന്ന് വിശേഷിപ്പിക്കപ്പെടുന്ന അറബ് കവിയായ അഡോണിസിനായിരുന്നു. അറബികവിതയിലെ ജീവിച്ചിരിക്കുന്ന ഏറ്റവും പ്രതിഭാശാലിയായ കവിയെന്ന് വിലയിരുത്തപ്പെടുന്നയാളാണ് അഡോണിസ്. കവിത, സംസ്കാരം, രാഷ്ട്രീയം എന്നീ മേഖലകളിൽ തന്റേതായ അഭിപ്രായപ്രകടനങ്ങളിലൂടെ എന്നും വിവാദങ്ങൾ സൃഷ്ടിച്ചിരുന്നു അഡോണിസ്. അറബികാവ്യപാരമ്പര്യത്തെ മൊത്തത്തിൽ മാറ്റിമറിക്കാനുള്ള വിപ്ലവകരമായ ആശയങ്ങളായിരുന്നു അൻപതുകളുടെ ഒടുക്കം മുതൽ അഡോണിസും, സമശീർഷരായ ആധുനികകവികളും ചേർന്ന് അവതരിപ്പിച്ചത്. അറബിയിലെ മോഡേണിസ്റ്റ് ധാരയുടെ തുടക്കവും അവിടെ നിന്നായിരുന്നു.

അലിഅഹമദ് സഈദ് ഇസ്ബർ എന്ന അഡോണിസ് 1930 മെഡിറ്ററേനിയൻ തീരത്തുള്ള ഒരു സിറിയൻ ഗ്രാമത്തിലായിരുന്നു ജനിച്ചത്. വൈദ്യുതിയോ, സ്കൂളുകളോ ഇല്ലാത്ത കുഗ്രാമം. പിതാവിൽ നിന്നായിരുന്നു കവിതയുടെ ബാലപാഠങ്ങൾ മനസിലാക്കിയത്. അഡോണിസിന് പതിമൂന്ന് വയസുള്ളപ്പോൾ ജീവിതത്തിന്റെ ഗതിമാറ്റിയൊരു സംഭവമുണ്ടായി. സിറിയ സ്വതന്ത്രമായതിനെ തുടർന്ന പ്രസിഡന്റ് ശുക്രി അൽകുവൈത്തി ഗ്രാമങ്ങൾ സന്ദർശിക്കുവാനായി പുറപ്പെട്ടിരിക്കുന്നുവത്രേ. തങ്ങളുടെ ഗ്രാമത്തിലും പ്രസിഡന്റ് വരുമെന്നറിഞ്ഞ കുട്ടിയായ അഡോണിസ് ഒരു കവിത തയ്യാറാക്കി പിതാവിനെ കാണിച്ചു. പ്രസിഡന്റിന് മുന്നിൽ പോയി ഈ കവിത അവതരിപ്പിക്കണമെന്ന മോഹവും അറിയിച്ചു. തന്റെ രാഷ്ട്രീയ എതിരാളികളായിരുന്നു പ്രസിഡന്റിനെ ഗ്രാമത്തിൽ സ്വീകരിക്കുന്നത് എന്നറിയാമെങ്കിലും കർഷകനായ ആ പിതാവ് മകന്റെ സ്വാതന്ത്ര്യത്തെ തടഞ്ഞില്ല. ആശാൻ പുരസ്കാരം ഏറ്റുവാങ്ങാനായി 2015 മേയ് മാസം ആദ്യം കേരളത്തിലെത്തിയപ്പോൾ ഈ കുറിപ്പുകാരനുമായി നടത്തിയ അഭിമുഖത്തിൽ അഡോണിസ് ഇങ്ങനെ പറയുകയുണ്ടായി:

'സ്വാതന്ത്ര്യം എന്ന വികാരം ഞാൻ ആദ്യമായി അനുഭവിച്ചറിഞ്ഞത് അന്നായിരുന്നു. പിന്നെ ജീവിതത്തിലുടനീളം ഞാൻ പൊരുതിയത് അതേ സ്വാതന്ത്ര്യത്തിന് വേണ്ടിയായിരുന്നു. കവിത കേട്ട പ്രസിഡന്റ് എന്താണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ സ്കൂളിൽ പോകണമെന്നായിരുനനു എന്റെ മറുപടി. അങ്ങനെ കവിത എന്റെ ജീവിതത്തെ അടിമുടി മാറ്റി മറിച്ചു. എനിക്ക് രണ്ട് അമ്മമാരുണ്ട്. ഒന്ന് പെറ്റമ്മയാണെങ്കിൽ മറ്റേത് കവിതയാണ്.'

ദമാസ്കസിലെ സിറിയൻ സർവ്വകലാശാലയിൽ നിന്നും തത്വചിന്തയിൽ ബിരുദം നേടാൻ പഠിക്കുന്ന കാലയളവിലായിരുന്നു അഡോണിസ് പ്രമുഖ ലബനീസ് സോഷ്യലിസ്റ്റ് ചിന്തകനായ അൻതൂൻ സആദയുടെ

ആശയങ്ങളിൽ ആകൃഷ്ടനാകുന്നത്. സആദയുടെ സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമാവുകയും 'അൽ-സൗറ' (വിപ്ലവം) എന്ന പാർട്ടി പ്രസിദ്ധീകരണത്തിന്റെ കൾച്ചറൽ എഡിറ്ററായതോടും കൂടി അഡോണിസ് ഭരണകൂടത്തിന്റെ നോട്ടപ്പുള്ളിയായി മാറി. അഡോണിസ് എന്ന തൂലികനാമത്തിൽ എഴുതാൻ തുടങ്ങിയത് ആ കാലയളവിലാണെന്ന് പറയപ്പെടുന്നു. സോഷ്യലിസ്റ്റു ബന്ധം കാരണം ഒരു വർഷത്തോളം ജയിലിൽ കിടക്കേണ്ടി വന്ന അഡോണിസ് ശേഷം അയൽ രാജ്യമായ ലബനണിലേക്ക് പോയി. അറുപതുകളിലും എഴുപതുകളിലും അഡോണിസിന്റെ പ്രവർത്തനമേഖല ലബനണിലെ ബെയ്റൂത്തായിരുന്നു. 1982 ൽ ഇസ്രയേൽ ലബനണിൽ ആക്രമണം നടത്തിയോടെ അഡോണിസിന് അറബ് ലോകത്ത് നിന്നും തന്നെ ഓടിപ്പോകേണ്ടി വന്നു. പിന്നീട് പാരീസിലാണ് അദ്ദേഹം കവിതയ്ക്ക് വേണ്ടി മാത്രമായി ജീവിക്കുന്നത്.

വിഖ്യാത അറബി എഴുത്തുകാരായ ഖലീൽ ജിബ്രാൻ, ഇല്യാസ് അബൂഷബ്ക, സഈദ് അഖ്ല് തുടങ്ങിയവർ സൃഷ്ടിച്ച പുതിയ കാവ്യസംവേദനരീതിയുടെ ആരാധകനായിരുന്നു യുവാവായ അഡോണിസ്. പ്രാചീന അറബികാവ്യപാരമ്പര്യത്തിൽ നല്ല ജ്ഞാനമുണ്ടായിരുന്ന പിതാവിന്റെ സ്വാധീനമായിരുന്നു അഡോണിസിലെ കവിയെ രൂപപ്പെടുത്തിയത്. എന്നാൽ കവിതയെ തന്റെ സാമൂഹിക - രാഷ്ട്രീയ നിലപാടുകൾ ആവിഷ്കരിക്കാനുള്ള ഒരു ഇടമായിട്ടായിരുന്നു അഡോണിസ് കണ്ടത്. അതിനാൽ മിത്തുകളെയും ചരിത്രത്തെയും കവിതയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചുള്ള അവബോധത്തിൽ അദ്ദേഹത്തിന് ടി.എസ്. എലിയറ്റിനോടും, അൻതൂൻ സആദയോടുമായിരിക്കും പ്രതിബദ്ധത. പടിഞ്ഞാറ് നിന്നുള്ള സാംസ്കാരിക വെല്ലുവിളികളെ നേരിടാൻ കവിതയെ നല്ലൊരു ഉപകരണമായി അഡോണിസും കൂട്ടരും ഉയർത്തിപ്പിടിക്കുകയായിരുന്നു.

1948 ൽ പാലസ്തീൻ മണ്ണിൽ ഇസ്രയേൽ എന്ന ജൂതരാജ്യം നിലവിൽ വന്നതോടെയാണ് അറബ് സാംസ്കാരിക ലോകത്ത് വലിയ മാറ്റങ്ങൾ പ്രത്യക്ഷമാകാൻ തുടങ്ങിയത്. ഇതിന്റെ ഒരു മുഖമായിരുന്നു അറബിയിലെ 'പുതുകവിത'. വൃത്ത - പ്രാസനിബദ്ധമായ പാരമ്പര്യ കവിതയ്ക്കെതിരെ ഒരു പോർമുഖം ആദ്യമായി തുറന്നത് ഇറാഖിലെ സോഷ്യലിസ്റ്റ് കവികളായിരുന്നു. 1957 ൽ അഡോണിസും സുഹൃത്തുക്കളും ചേർന്ന് ബെയ്റൂത്തിൽ 'ഷിഇർ' (കവിത) എന്ന പേരിൽ ഒരു പ്രസിദ്ധീകരണം തുടങ്ങി. അറബി സ്വതന്ത്ര കവിതാ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരേടായിരുന്നു ഈ അവന്ത്ഗാർദ് പ്രസിദ്ധീകരണം. നിലവിലുള്ള അറബി കവിതയുടെ രൂപവും ഭാവവും അടിമുടി മാറണമെന്ന് 'കവിതാ' മാഗസിൻ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അറബിയിലെ മോഡേണിസത്തിന്റെ തുടക്കമായാണ് ഈ പ്രസിദ്ധീകരണം അറിയപ്പെടുന്നത്.


1961-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'അഗാനീമിഹ്യാർ അൽ - ദിമശ്കി' (ദമസ്കസുകാരൻ മിഹ്യാറിന്റെ ഗീതങ്ങൾ) അഡോണിസിന്റെയും അറബികവിതയുടെ ചരിത്രത്തിലെയും ഒരു വഴിത്തിരിവായിരുന്നു. കവിതയുടെ സാമൂഹിക-രാഷ്ട്രീയ ധർമ്മത്തിനും, കവിതയ്ക്ക് അനിവാര്യമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്ന ബിംബാത്മകമായൊരു അസാന്നിദ്ധ്യഭാഷയ്ക്കുമിടയിൽ അസാമാന്യമായൊരു സന്തുലനം നേടാൻ സാധിച്ചു എന്നതായിരുന്നു ഈ കൃതിയുടെ വലിയ മേന്മയായി നിരൂപകർ കണ്ടത്. കൂടുതൽ പരീക്ഷണാത്മകവും, സമൃദ്ധവുമായിരുന്നു പിൽക്കാല കവിതകളെങ്കിലും അവയ്ക്കൊന്നിനും തന്നെ 'അഗാനീ മിഹ്യാറി' ന്റെ കാവ്യമികവിനെ മറികടക്കുവാൻ സാധിച്ചിട്ടില്ല എന്നാതാണ് നിരൂപകമതം.

കവി, കവിതാ സൈദ്ധാന്തികൻ, അറബ് സംസ്കാരത്തെക്കുറിച്ച് തികച്ചും ഉൽപ്പതിഷ്ണുവായ ആശയങ്ങൾ അവതരിപ്പിച്ച ചിന്തകൻ എന്നീ





കുമാരനാശാൻ



ഖലീൽ ജിബ്രാൻ

നിലകളിൽ തന്റെ സമകാലികരിലും, അറബികവികളിലെ യുവതലമുറയിലും അഭൂതമായ സ്വാധീനം ചെലുത്തിയ വ്യക്തിയാണ് അഡോണിസ്. കവിതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരൂപണ പദ്ധതികൾക്ക് അക്കാദമിക നിരൂപണത്തിന്റെ നിയന്ത്രിതഭാവത്തിന്റെ കുറവുണ്ടായിരുന്നു. 'മുഖദ്ദിമ ലിൽ ഷിഇർ അൽ - അറബി' (അറബി കാവ്യമീമാംസയ്ക്കൊരു ആമുഖം), 'അൽ - സൂഫിയ്യ വ അൽസൂറിയാലിച്ച്' (സൂഫിസവും സർറിയലിസവും), 'അൽസാബിത് വ അൽ-മുതഹവ്വൽ' (അചേതനവും ചേതനവും) തുടങ്ങിയവയാണ് അഡോണിസന്റെ പ്രമുഖ നിരൂപണ പഠനങ്ങൾ.

വിപ്ലവാത്മകം, മിസ്റ്റിക് എന്നിങ്ങനെ രണ്ട് ധ്രുവങ്ങളായാണ് സാധാരണ അഡോണിസിന്റെ കവിതകൾ വിഭജിക്കപ്പെടാറുള്ളത്. എന്നാൽ ചില നേരങ്ങളിൽ ഈ രണ്ട് വിരുദ്ധ ധ്രുവങ്ങൾ സ്വരച്ചേർച്ചയോടെ ഒന്നായിത്തീരുന്ന വിസ്മയക്കാഴ്ച കവിതാസ്വാദകരെ അത്ഭുതപ്പെടുത്താറുണ്ട്. ചില നേരങ്ങളിൽ മാറ്റത്തിന് വേണ്ടി രൗദ്രഭാവം പേറുന്ന വിപ്ലവാത്മകവും അരാജകത്വപരവുമാണ് അഡോണിസിന്റെ കവിതകളെങ്കിൽ മറ്റ് ചിലപ്പോൾ അവ തികച്ചും മിസ്റ്റിക്കലായിരിക്കും. മതവിശ്വാസിയല്ലെങ്കിൽ പോലും സൂഫികവികളുടെ കൃതികളിൽ നിന്നാണ് കവിയുടെ മിസ്റ്റിസിസം രൂപപ്പെടുന്നത്. അദ്വൈത സിദ്ധാന്തത്തിൽ നിലകൊള്ളുന്ന സൂഫി ചിന്തയോടാണ് അഡോണിസിന് ആഭിമുഖ്യം. സിമ്പോളിക്, സർറിയലിസ്റ്റിക് രീതിയിലാണ് മിക്ക മിസ്റ്റിക് കവിതകളും പ്രത്യക്ഷപ്പെടുന്നത്. 'സൂഫിസവും സർറിയലിസവും' എന്ന നിരൂപണപഠനത്തിൽ രണ്ട് ധാരകളുംതമ്മിലുള്ള സംഗമസ്ഥാനങ്ങൾ കണ്ടെത്തുന്നുണ്ട് അഡോണിസ്.

വർത്തമാന യാഥാർത്ഥ്യങ്ങളെ നിരസിക്കാനുള്ള അദമ്യമായ ദാഹമാണ് അഡോണിസിന്റെ പല കൃതികളും. എന്തിനെയും അപൂർണമായി ഉപേക്ഷിച്ചു പോകാൻ കവിമനസ് ആഗ്രഹിക്കുന്നു. അറബ് രാഷ്ട്രീയ - സാമൂഹിക നിലപാടുകളുടെ പേരിൽ അഡോണിസ് വളരെയേറെ വിമർശിക്കപ്പെടുന്ന കാലഘട്ടമാണിത്. അറബ് സംസ്കാരം എന്നൊന്ന് തന്നെയില്ല എന്ന തികച്ചും ഉൽപതിഷ്ണുവായ അഭിപ്രായം എവിടെയും തുറന്നു പറയാറുണ്ട് അദ്ദേഹം.

2011 ൽ പശ്ചിമേഷ്യയിൽ 'അറബ് വസന്തം' എന്ന പേരിൽ അറിയപ്പെട്ട ജനാധിപത്യ പ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ അതിനെ പിന്തുണച്ചിരുന്ന കവി പിന്നീട് നിലപാട് മാറ്റി. ദുഷിച്ച ഭരണകൂടങ്ങളെ മാറ്റുവാൻ ഹിംസയല്ല മാർഗ്ഗമെന്നും ഗാന്ധിജി വിഭാവനം ചെയ്തതു പോലുള്ള അഹിംസയിൽ അധിഷ്ഠിതമായ സമരമാർഗ്ഗങ്ങളാണ് വേണ്ടതെന്നും കവി പറയുന്നു. ഇന്ത്യയേയും, ടാഗോറിനെയും ഗാന്ധിജിയെയും വളരെയധികം സ്നേഹിക്കുന്ന കവിയുടെ അഭിപ്രായത്തിൽ അഹിംസ എല്ലാകാലത്തും എല്ലായിടത്തും സാധുവായ സമരായുധമാണ്. അതേസമയം സിറിയയിലെ മർദ്ദക ഭരണകൂടത്തെ നയിക്കുന്ന ബശ്ശാറുൽ അഹമ്മദിന് എഴുതിയ കത്തിൽ അദ്ദേഹത്തെ 'തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്' എന്ന് അഭിസംബോധന ചെയ്തതിനെ വിശദീകരിക്കാൻ കവി നല്ലത് പോലെ ബുദ്ധിമുട്ടുന്നു. അപ്പോഴും അഹമ്മദിനെതിരെയുള്ള സിറിയൻ പ്രക്ഷോഭത്തെ താൻ നൂറു ശതമാനവും പിന്തുണക്കുന്നുവെന്നും എന്നാൽ അതിന് ഹിംസയുടെ മാർഗ്ഗം സ്വീകരിക്കുന്നതിനോട് തനിക്ക് യോജിക്കാനാകില്ലെന്നും കവി രേഖപ്പെടുത്തുന്നു.

1988 മുതൽ നിരന്തരമായി സാഹിത്യനോബൽ സമ്മാനത്തിനുള്ള അവസാനപട്ടികയിൽ അഡോണിസിന്റെ പേര് ഇടം പിടിക്കാറുണ്ട്. കോളനിയാനന്തര കാലഘട്ടത്തിലെ അറബ് വംശജർ നേരിട്ട സാംസ്കാരിക - സ്വത്വ രാഷ്ട്രീയ പ്രതിസന്ധികളാണ് അഡോണിസ് എന്ന കവിയെ സൃഷ്ടിക്കുന്നത്. അദ്ദേഹത്തിന് ഒരു അന്തർദേശീയ പരിവേഷം നൽകുന്നതും ഇതേ സാംസ്കാരിക പരിസരം തന്നെയാണ്. തിരുവനന്തപുരത്ത് മേയ് 3 ന് ആശാൻ വിശ്വകവിതാപുരസ്കാരം ഏറ്റുവാങ്ങിക്കൊണ്ട് നടത്തിയ പ്രസംഗത്തിൽ താൻ 'പച്ച മാംസം തിന്നുന്നവരുടെ നാട്ടിൽ നിന്നുവരുന്ന ആളാണ്' എന്നാണ് കവി തന്നെ പരിചയപ്പെടുത്തിയത്.

